# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 08.02.2026**

### പ്രധാനവാർത്തകൾ

1. സെമികണ്ടക്ടർ, ദുരന്ത നിവാരണം, സുരക്ഷ തുടങ്ങിയ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള ധാരണപത്രങ്ങൾ ഇന്ത്യയും മലേഷ്യയും കൈമാറി.
2. കേരളം നെല്ലിന് നൽകുന്ന അധിക പ്രോത്സാഹന ബോണസ് നിർത്തലാക്കണമെന്ന കേന്ദ്ര നിർദേശം കർഷകരോടുള്ള വെല്ലുവിളിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
3. ഇന്ത്യൻ വിമാനക്കമ്പനിയായ 'ഫ്ലൈ-91' കേരളത്തിലേക്ക്. കൊച്ചിക്കും ലക്ഷദ്വീപിലെ അഗത്തിക്കുമിടയിൽ നാളെ മുതൽ പ്രതിദിന സർവീസ്.
4. 131-ാമത് മാരാമൺ കൺവൻഷന് ഇന്ന് തുടക്കമാകും. വചന ഘോഷണത്തിന്റെ എട്ടു ദിനങ്ങൾക്ക് സാക്ഷിയാകാൻ പമ്പാ മണൽപ്പുറം.
5. സംസ്ഥാനത്തെ ആദ്യ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമായി മാറാൻ ഒരുങ്ങി കണ്ണൂർ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ.
6. സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം ഇന്ന് സർവീസസിനെ നേരിടും. മത്സരം അൽപസമയത്തിനകം.

*************************************

RNUTVPM

## പി എം – മലേഷ്യ

സെമികണ്ടക്ടർ, ദുരന്ത നിവാരണം, സുരക്ഷ തുടങ്ങിയ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള ധാരണപത്രങ്ങൾ ഇന്ത്യയും മലേഷ്യയും കൈമാറി. പ്രധാനമന്ത്രി നരേന്ദ്ര മോദി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി നടത്തിയ കൂടിക്കാഴ്ചക്ക് ശേഷമാണ് ധാരണപത്രങ്ങളിൽ ഒപ്പുവെച്ചത്. പ്രതിരോധം, സമുദ്ര സുരക്ഷ, ഭീകരവാദ പ്രവർത്തനങ്ങൾ തടയുക ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരു രാജ്യങ്ങളും ചർച്ച തുടരുമെന്ന് ശ്രീ. നരേന്ദ്ര മോദി പറഞ്ഞു. മലേഷ്യയ്ക്ക് ആസിയാന്റെ അധ്യക്ഷ പദവി ലഭിച്ചതിൽ അദ്ദേഹം അഭിനന്ദനം അറിയിച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിനായ് ഇന്നലെയാണ് പ്രധാനമന്ത്രി ക്വാലാലംപൂരിൽ എത്തിയത്.

**************************

## മുഖ്യമന്ത്രി – നെല്ല് സംഭരണം

കേരളം നെല്ലിന് നൽകുന്ന അധിക പ്രോത്സാഹന ബോണസ് നിർത്തലാക്കണമെന്ന കേന്ദ്ര നിർദേശം കർഷകരോടുള്ള വെല്ലുവിളിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ബോണസ് നയം പുനഃപരിശോധിക്കണമെന്ന കത്ത് ചീഫ് സെക്രട്ടറിക്ക് ലഭിച്ചതായും മുഖ്യമന്ത്രി അറിയിച്ചു. നെല്ലു സംഭരണത്തിനായി കിലോക്ക് 6.31 രൂപയാണ് സംസ്ഥാന സർക്കാർ അധികമായി നൽകുന്നത്. നെൽക്കർഷകർക്ക് നൽകാനുള്ള സഹായത്തിൽ കേന്ദ്ര വിഹിതം യഥാസമയം നൽകാതെയാണ് നീക്കമെന്നും മുഖ്യമന്ത്രി ആരോപിച്ചു.

**************************

## പാർക്കിൻസൺസ് സിമ്പോസിയം

RNU TVPM

പാർക്കിൻസൺസ് രോഗ ഗവേഷണവും പരിചരണവും സംബന്ധിച്ച ആറാമത് അന്താരാഷ്ട്ര സിമ്പോസിയം മന്ത്രി വീണാ ജോർജ് ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. രോഗനിർണയം, പരിചരണം, ഗവേഷണം എന്നിവയിലെ സമീപകാല പുരോഗതി അവലോകനം ചെയ്യുകയാണ് സമ്മേളനം ലക്ഷ്യമിടുന്നത്.

*************************

## ഫ്ലൈ 91

ഇന്ത്യൻ വിമാനക്കമ്പനിയായ 'ഫ്ലൈ 91' കേരളത്തിലേക്ക്. നാളെ മുതൽ കൊച്ചിക്കും ലക്ഷദ്വീപിലെ അഗത്തിക്കുമിടയിൽ പ്രതിദിന സർവീസ് ആരംഭിക്കും. കൊച്ചിയിൽ നിന്ന് രാവിലെ 11.20 ന് പുറപ്പെടുന്ന വിമാനം ഉച്ചയ്ക്ക് 12.45 ന് അഗത്തിയിലെത്തും.

*************************

## തിരുവനന്തപുരം വിമാനത്താവളം

RNU TVPM

യാത്രക്കാരുടെ എണ്ണത്തിൽ പുതിയ റെക്കോർഡുമായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം. ഈ ജനുവരിയിൽ 4 ലക്ഷത്തി 50,090 പേരാണ് വിമാനത്താവളം വഴി യാത്ര ചെയ്തത്. പ്രതിമാസമുള്ള ഏറ്റവും ഉയർന്ന കണക്കാണിത്.

*************************

## സിയാൽ എയ്റോ പാർക്ക്

സിയാൽ എയ്റോ പാർക്ക് ആദ്യ ഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. ഏവിയേഷൻ മേഖലയിലെ അറ്റകുറ്റപ്പണികൾ, പരിശീലനം, സാങ്കേതിക സഹായ

സേവനങ്ങൾ എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് പാർക്കിന്റെ ലക്ഷ്യം. കൊച്ചി വിമാനത്താവളത്തോട് ചേർന്നുള്ള 36 ഏക്കറിലാണ് എയ്റോപാർക്ക് സജ്ജമാക്കിയിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 101 കോടി രൂപയുടെ പദ്ധതികളാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്.

**************************

**കേരള - എസ് ഐ ആർ**

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. ഈ മാസം 21 ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

**************************

**കണ്ണൂർ - സമഗ്ര വിദ്യാലയം (ഇൻട്രോ)**

സംസ്ഥാനത്തെ ആദ്യ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമായി മാറുകയാണ് കണ്ണൂർ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ. മുദ്ര പദ്ധതിയിൽ 60 കോടിയോളം രൂപ ചെലവഴിച്ചാണ് വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ചൊവ്വാഴ്ച മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയിസ്)

**************************

**കോളേജ് ഓഫ് എൻജിനിയറിംങ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിംങ്ങിന്റെ പുതിയ ജിയോ

RNU TVPM

ടെക്നിക്കൽ റിസെർച്ച് ആന്റ് ടെസ്റ്റിങ് സെന്റർ മന്ത്രി ആർ ബിന്ദു നാളെ ഉദ്ഘാടനം ചെയ്യും. 17.5 കോടി രൂപ ചിലവിൽ നിർമ്മിക്കുന്ന പുതിയ മെൻസ് ഹോസ്റ്റൽ സമുച്ചയത്തിന്റെ ശിലാ സ്ഥാപനവും മന്ത്രി നിർവഹിക്കും.

*************************

## ലക്ഷദ്വീപ്

ലക്ഷദ്വീപ് പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങളെ കുറിച്ച് ബോധവൽക്കരണ പരിപാടികളും പ്രദർശനവും ആരംഭിച്ചു. കവരത്തിയിൽ സംഘടിപ്പിച്ച പരിപാടി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ശിവം ചന്ദ്ര ഉദ്ഘാടനം ചെയ്തു. കുറ്റാന്വേഷണത്തിന് ഉപയോഗിക്കുന്ന ഫോറൻസിക് കിറ്റുകൾ, അടിയന്തര പ്രതികരണ സംവിധാനങ്ങൾ എന്നിവയും പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തി.

*************************

RNU TVPM

## കൊച്ചിൻ ക്യാൻസർ സെൻറർ

ലോകോത്തര സൗകര്യങ്ങളോടെയുള്ള കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിൻറെ പുതിയ കെട്ടിടം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. 384.34 കോടി രൂപ ചെലവഴിച്ച് കളമശ്ശേരി മെഡിക്കൽ കോളേജ് ക്യാമ്പസിലാണ് കാൻസർ സെൻറർ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. കാൻസർ ചികിത്സാ, ഗവേഷണ രംഗത്തെ ഒരു പുതിയ മുന്നേറ്റമായിരിക്കും ഗവേഷണ കേന്ദ്രമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

*************************

## ശബരിമല സ്വർണ അപഹരണ കേസ്

ശബരിമല സ്വർണ അപഹരണ കേസിൽ തന്ത്രി കണ്ഠരര് രാജീവരുടെ ജാമ്യാപേക്ഷ വിജിലൻസ് കോടതി നാളെ പരിഗണിക്കും. സ്വർണക്കൊള്ള നടന്നത് തന്ത്രിയുടെ അറിവോടെയാണെന്ന് ജാമ്യാപേക്ഷയ്ക്ക് എതിരെ പ്രത്യേക അന്വേഷണ സംഘം നൽകിയ റിപ്പോർട്ടിൽ പറയുന്നു. അതെസമയം, കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ അംഗം എൻ.വിജയകുമാറിന്റെ റിമാൻഡ് ഈ മാസം 20 വരെ നീട്ടി.

**************************

## മാരാമൺ കൺവൻഷൻ (ഇൻട്രോ)

പ്രസിദ്ധമായ 131-ാമത് മാരാമൺ കൺവൻഷന് ഇന്ന് തുടക്കമാകും. കൺവൻഷൻ പമ്പ മാരാമൺ മണൽ പുറത്ത് ഫെബ്രുവരി 15 വരെ നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

RNU TVPM

**************************

## സന്തോഷ് ട്രോഫി

എട്ടാം സന്തോഷ് ട്രോഫി കിരീടം ലക്ഷ്യമിട്ട് കേരളം ഇന്ന് സർവീസസുമായി ഏറ്റുമുട്ടും. മത്സരം അൽപസമയത്തിനകം അസമിൽ ആരംഭിക്കും. സെമിയിൽ പഞ്ചാബിനെ പരാജയപ്പെടുത്തിയാണ് കേരളം ഫൈനലിലെത്തിയത്. റെയിൽവേസിനെ വീഴ്ത്തിയാണ് സർവീസസിന്റെ ഫൈനൽ പ്രവേശം.

*************************

## ടി 20 ക്രിക്കറ്റ്

ഐസിസി പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ അഫ്ഘാനിസ്ഥാൻ-ന്യൂസിലാൻഡ് മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ അഫ്ഘാനിസ്ഥാൻ ബാറ്റിംഗ് തിരഞ്ഞെടുക്കുക ആയിരുന്നു. ഇന്നത്തെ രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ട് നേപ്പാളിനെ നേരിടും. ഇന്നലെ മുംബയിൽ നടന്ന മത്സരത്തിൽ ഇന്ത്യ, അമേരിക്കയെ 29 റൺസിനു പരാജയപ്പെടുത്തിയിരുന്നു. ഇന്ത്യയ്ക്ക് വേണ്ടി മുഹമ്മദ് സിറാജ് 3 വിക്കറ്റു വീഴ്ത്തി.

*************************

## പന്തളം - മോഷണം

പത്തനംതിട്ട പന്തളത്ത് വീട്ടിൽ സൂക്ഷിച്ചിരുന്ന 50 പവൻ സ്വർണ്ണം കവർന്ന കേസിൽ രണ്ട് പേർ പിടിയിൽ. ഇസക്കി രമേഷ്, ഗണേഷ് എന്നിവരെയാണ് തമിഴ്നാട്ടിലെ തിരുനൽവേലി ജില്ലയിൽ നിന്നും പിടികൂടിയത്. കഴിഞ്ഞ മാസം 29 നാണ് പന്തളത്തെ പ്രവാസിയുടെ വീട്ടിൽ മോഷണം നടന്നത്.

*************************

## പരീക്ഷാ പേ ചർച്ച

പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർഥികളുമായി സംവദിക്കുന്ന പരീക്ഷാ പേ ചർച്ച 9-ാം പതിപ്പിന്റെ രണ്ടാം ഭാഗം നാളെ. രാവിലെ 10 മണി മുതൽ പരിപാടി പ്രക്ഷേപണം ചെയ്യും. തമിഴ്നാട്, ഛത്തീസ്ഗഢ്, ഗുജറാത്ത്, അസം എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി

RNU TVPM

സംവദിക്കുന്നതാണ് രണ്ടാം ഭാഗം. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലും യുട്യൂബ് ചാനലിലും പരിപാടി ലഭ്യമാകും.

**************************

## സിവിൽ സർവ്വീസ് അക്കാഡമി

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ തൃശൂർ ഇരിങ്ങാലക്കുട കേന്ദ്രത്തിന്റെ ഉദ്ഘാടനം മന്ത്രി ആർ. ബിന്ദു മറ്റന്നാൾ നിർവഹിക്കും. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിലാണ് കേന്ദ്രം പ്രവർത്തിക്കുക.

**************************

## ഓയിൽ മിൽ - തീ

ഇടുക്കി തങ്കമണിക്ക് സമീപം പാണ്ടിപ്പാറയിൽ പ്രവർത്തിക്കുന്ന വെളിച്ചെണ്ണ ഉൽപ്പാദന കേന്ദ്രത്തിൽ വൻ തീപിടുത്തം. ഇന്ന് പുലർച്ചെയാണ് അപകടം. അഗ്നിശമന സേന എത്തി തീ അണച്ചു.

RNU TVPM

**************************

## നോർക്ക സ്കോളർഷിപ്പ്

നോർക്ക റൂട്ട്സുമായി സഹകരിച്ച് ആർ. പി. ഫൗണ്ടേഷൻ നടപ്പാക്കുന്ന സ്കോളർഷിപ്പിന്റെ വിതരണോദ്ഘാടനം തിരുവനന്തപുരം നിശാഗന്ധിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ബുധനാഴ്ച നിർവഹിക്കും. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 1,500 വിദ്യാർത്ഥികൾക്കായി 10 കോടി രൂപ ഈ വർഷം വിതരണം ചെയ്യുമെന്ന് നോർക്ക റൂട്ട്സ് സി ഇ ഒ അജിത് കോളശേരി അറിയിച്ചു.

*************************

## മൈ ഭാരത് ബജറ്റ് ക്വസ്റ്റ്

കേന്ദ്ര യുവജന കാര്യ കായികമന്ത്രാലയം മേരാ യുവ ഭാരത് എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മൈ ഭാരത് ബജറ്റ് ക്വസ്റ്റിൽ തിരഞ്ഞെടുക്കപ്പെടുന്ന യുവതീ യുവാക്കൾക്ക് പ്രധാനമന്ത്രിയുമായി നേരിട്ട് സംവദിക്കാൻ അവസരം. ഈ മാസം 17 വരെ മേരാ യുവ ഭാരത് പ്ലാറ്റ്ഫോമിൽ സംഘടിപ്പിക്കുന്ന ഡിജിറ്റൽ ക്വിസ് മത്സരത്തിൽ 15 മുതൽ 29 വയസുവരെ പ്രായമുള്ളവർക്ക് പങ്കെടുക്കാം. mybharat.gov.in പോർട്ടൽ വഴിയാണ് ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

*

*********

*******************************************

RNU TVPM